# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1172 03.12.2018 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പ്രളയത്തിൽ തകർന്ന പി.ഡബ്ല്യൂ.ഡി. റോഡുകൾ പുനർ നിർമ്മിക്കാനായി പ്രത്യേകമായി ഏതെങ്കിലും ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; | എ) ദുരന്തനിവാരണ ഫണ്ടിൽ നിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. G.O(Rt) No. 1309/2018/PWD dtd 21.08.2018 പ്രകാരം പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിന് പ്രത്യേകാനുമതിയായി 1000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 106 റോഡ് പ്രവൃത്തികൾക്ക് 239.69 കോടി രൂപയുടെ ഭരണാനുമതി G.O(Rt) No. 1842/2018/PWD dtd 27.11.2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ Non-Plan ശീർഷകത്തിൽ 482 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19 ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കി വച്ചിട്ടുള്ളതും, ആന്വൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര |

മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആന്വൽ റിന്യൂവൽ പ്രോഗ്രാം **2019-20** ന്റെ കേരളത്തിന്റെ വിഹിതമായി **178** കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും **178** കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ഉണ്ടെങ്കിൽ ആയതിന്റെ വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ തയ്യാറാക്കിയോ എന്ന വിവരം അറിയിക്കുമോ ? | ബി) പ്രളയത്തെ തുടർന്ന് തകർച്ച സംഭവിച്ച റോഡുകളുടെ കണക്കുകൾ ശേഖരിക്കുകയും അടിയന്തരമായി അറ്റകുറ്റപണികൾ നടത്തേണ്ടവ, ഉപരിതലം പുതുക്കൽ ആവശ്യമായവ, ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കേണ്ടവ എന്ന് തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ അറ്റകുറ്റപണികൾ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ നോൺപ്ലാൻ ഹെഡിലും ദുരന്തനിവാരണ വകുപ്പിൽനിന്നും ലഭിച്ച ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കി വരുന്നു. ഉപരിതലം പുതുക്കൽ ആവശ്യമായ റോഡുകൾ മുൻഗണനാപ്രകാരം പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഡിസൈൻ ചെയ്ത് പുനർനിർമ്മിക്കേണ്ട റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിപിആർ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ